**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3214 10/12/2018-ൽ മറുപടിയ്ക്ക്

## കോതമംഗലം മണ്ഡലത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ആന്റണി ജോൺ** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതു വിദ്യാഭ്യാസ വകുപ്പ് മുഖേന കോതമംഗലം മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനായി അഞ്ച് കോടി രൂപ, മൂന്നു കോടി രൂപ, ഒരു കോടി രൂപ പദ്ധതികൾക്കായി കോതമംഗലം നിയോജകമണ്ഡലത്തിലെ താഴെ പറയുന്ന സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്.<br>1) 5 കോടി രൂപ – ഗവ. മോഡൽ ഹയർ സെക്കന്ററി സ്കൂൾ, ചെറുവട്ടൂർ<br>2) 3 കോടി രൂപ – ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, പല്ലാരിമംഗലം<br>3) 1 കോടി രൂപ – ഗവ.എൽ.പി.എസ്, ഇളങ്ങവം<br>കൂടാതെ, 2018-19 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ കോതമംഗലം മാതിരപ്പള്ളി ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ 150 ലക്ഷം രൂപ അനുവദിച്ച് കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ അവസ്ഥ വിശദമാക്കാമോ;<br>(സി) പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | (ബി) & (സി) അഞ്ച് കോടി രൂപ പദ്ധതിയിലെ ചെറുവട്ടൂർ ഗവ. മോഡൽ ഹയർ സെക്കന്ററി സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. മൂന്ന് കോടി രൂപ പദ്ധതിയിലെ പല്ലാരിമംഗലം ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ ടെന്റർ നടപടികൾ സത്വരമായി നടന്നുവരുന്നു. 1 കോടി രൂപ പദ്ധതിയിലെ ഇളങ്ങവം ഗവ. എൽ.പി സ്കൂളിന്റെ ടെന്റർ നടപടികൾ പൂർത്തിയായിട്ടുണ്ട്. |

Reena

സെക്ഷൻ ഓഫീസർ